നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ആയതിൻപ്രകാരം വണ്ണപ്പുറം പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത പിന്നോക്ക മലയോരപ്രദേശങ്ങളിലെ 849 കുടുംബങ്ങളിൽ സൗരവൈദ്യുതി എത്തിക്കുന്നതിനായി, കേന്ദ്രസംസ്ഥാന സർക്കാർ വിഹിതമായി 52,63,800 രൂപയും ത്രിതലപഞ്ചായത്തുകളുടെ വിഹിതമായി 57,73,200 രൂപയും ഉൾപ്പെടെ ആകെ 110,37,000 രൂപയുടെ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പഞ്ചായത്തുകളിൽനിന്നും ലഭിക്കേണ്ടിയിരുന്ന 57,73,200 രൂപയിൽ 11,13,000 രൂപ മാത്രമേ ലഭിച്ചുള്ളൂ. (180 കുടുംബങ്ങളിൽ സൗരവൈദ്യുതി എത്തിക്കുന്നതിനുള്ള തുകമാത്രം) എന്നാൽ അവികസിത/പിന്നോക്ക വൈദ്യുതീകരിക്കാത്ത മേഖല എന്ന പരിഗണന നൽകി അനർട്ട് 461 കുടുംബങ്ങൾക്കു കൂടി സൗരവൈദ്യുതി എത്തിക്കുന്നതിന് ശ്രമിച്ചു. അങ്ങനെ ആകെ 67,21,400 രൂപ മുടക്കി 641 കുടുംബങ്ങളിൽ സൗരവൈദ്യുതി എത്തിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ വിഹിതം പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ സൗരവൈദ്യുതീകരണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള പ്രസ്തുത പദ്ധതി പഞ്ചായത്തു വിഹിതം കൂടി ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. പഞ്ചായത്തുവിഹിതം വരുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിനുവേണ്ടി ബോധവൽക്കരണവും സൊസൈറ്റി രൂപീകരണവും നടത്തിയിട്ടുള്ളതാണ്. ഇത് ഒരു കരാറിന്റേയും ഭാഗമല്ല.

(ഡി) കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിയ ഈ പദ്ധതിയുടെ ഒന്നാംഘട്ടവും രണ്ടാം ഘട്ടവും പൂർത്തീകരിച്ചു കഴിഞ്ഞു.

കുന്തിപ്പുഴയിൽ മണലെടുക്കുന്നത് നിരോധിക്കണമെന്ന നിവേദനം

15 (1483) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, മലപ്പുറം ജില്ലകളുടെ അതിർത്തിയിലൂടെ കടന്നുപോകുന്ന കുന്തിപ്പുഴയിൽ പുലാമന്തോൾ പാലത്തിനു താഴെ എടപ്പാലം വരെ മണലെടുക്കുന്നത് നിരോധിക്കണമെന്ന് പറഞ്ഞ് സെസ്സിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നദിയുടെ നാശത്തിന് കാരണമാകുന്നതും പുലാമന്തോൾ പാലത്തിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ഭീഷണിയാവുന്നതുമായ ഇവിടങ്ങളിലെ മണലെടുപ്പിന് അനുവാദം നിഷേധിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 12(5) പ്രകാരം ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽവാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly